(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(സി) ഈ ആശുപത്രി വലുതാക്കുന്നതിനുവേണ്ടി തുടർച്ചയായി ജനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതുകൊണ്ട് ഇപ്പോഴെങ്കിലും ഗവണ്മെൻറ് ജനങ്ങളുടെ ഈ ആവശ്യം നിറവേറ്റുമോ?

ഉത്തരം.

(എ) മെഡിക്കൽ മന്ത്രിക്ക് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) കെട്ടിടങ്ങൾ പണിയുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(സി) ജനങ്ങളുടെ ആവശ്യം നിറവേറ്റുവാൻവേണ്ടി പരിശ്രമിക്കുന്നുണ്ട്.

**Employment of Anglo-Indians.**

220. [10] SHRI A. A. D. LUIZ: Will the Minister for Home Affairs be pleased to state:

(*a*) the exact number of Anglo-Indians now employed in—

1. the Food and Civil Supplies Department,
2. Controls Department,
3. Forest Department;

(*b*) State name, qualifications, grade and salary and also the number that have been recruited since the integration of the States?

*Answer.*

(*a*) 1. Nil.
2. Nil.
3. One.

(*b*) No Anglo-Indian was recruited since the integration of the two States in the above Departments.

**Financial Assistance from Vanchi Poor Fund.**

221. [11] SHRI A. A. D. LUIZ: Will the Minister for Medicine be pleased to State:

(*a*) Whether any financial assistance has been received by Anglo-Indians from the Vanchi Poor Fund; and

(*b*) Whether any amenities were received by Anglo-Indians from the Chitra Home.

*Answer.*

(*a*) No. The Vanchi Poor Fund supplies mid-day meals (Conjee) to 4200 poor pupils in 24 city schools; it

LIBRARY ARCHIVES Kerala Legislative Assembly

gives grant amounting to a total of Rs. 115/- to three mofussil schools for supplying noon conjee to poor pupils there. The Fund also gives at its expense morning conjee daily to the inmates of the Sri Chitra Home, the average number of which is now 230. There is no discrimination on the basis of caste or creed.

(b) No.

## വിഷവൈദ്യശാല.

222. [18] ശ്രീ. പി. കെ. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽപ്പെട്ട ഏതെല്ലാം താലൂക്കുകളിൽ വിഷവൈദ്യശാല ഇല്ലാതെയുണ്ട് ;

(ബി) കൊടുങ്ങല്ലൂർ താലൂക്കിൽ ഒരു വിഷവൈദ്യശാല ഇല്ലെന്നുള്ള സംഗതി ഗവണ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തെ സംബന്ധിച്ചു ഗവണ്മെന്റിലേക്ക് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അനുകൂലമായ നടപടി ഉടനടി സ്വീകരിക്കാൻ ഭയവുണ്ടാകുമോ ?

### ഉത്തരം.

(എ) കൊടുങ്ങല്ലൂർ താലൂക്കിൽമാത്രം ഗവണ്മെന്റ് വിഷവൈദ്യശാല ഇല്ല.

(ബി) അവിടെ ഒരു ഗ്രാന്റ് വിഷവൈദ്യശാലയുണ്ട്.

(സി) ഉണ്ട്.

(ഡി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പരിഗണിക്കാം.

## വീട് തീവച്ചു നശിപ്പിച്ചതിന്മേലുള്ള പരാതി.

223 [19] ശ്രീ പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പുറമ്പോക്കുഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൈവശം വച്ചുകൊണ്ടിരുന്ന കൊല്ലം താലൂക്കിൽ മീനാട് പകുതിയിലെ ഒരു ഹരിജൻ സമുദായത്തിന്റെ വീട് തീവച്ചു നശിപ്പിച്ചതായി ഒരു പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീവെയ്പ്, അന്യായമായി വസ്തുവിൽ പ്രവേശിക്കൽ, ഭീഷണിപ്പെടുത്തൽ മുതലായ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഗൌരവതരങ്ങളായ കുറ്റങ്ങൾ ചെയ്തവരെ ഒഴിച്ചുനിറുത്തിക്കൊണ്ട്, ഈ കുറ്റങ്ങൾ ചെയ്തു എന്നു പരാതിപ്പെട്ടയാളിന്റെപേരിൽ പാറശ്ശാല പോലീസ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ദിവാകരപ്പണിക്കർ ഒരു കേസ് ചാർജ്ജ് ചെയ്തതായി ഗവണ്മെന്റിനു പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അതിന്മേൽ അന്വേഷണം നടത്തിയോ ?



LIBRARY ARCHIVES Kerala Legislative Assembly